കേരള സർക്കാർ

# ചെല്ലാനം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.3)1975/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in
തീയതി :07.12.2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെല്ലാനം ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ചെല്ലാനം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്-

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയ്ക്കും , ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പകർപ്പ് :
1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം(പി.3)1975/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in
തീയതി :07.12.2016

## എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 01.04.2015മുതൽ 03.11.2016 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. സുരേഷ് രാജു ഡി. , ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 04.11.2016 മുതൽ 11.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. വി.എസ് ഷാജി. , ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ.വിജു എം.എസ്. , സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | : | കുമാരി. മേഴ്സി കെ.പി , ഓഡിറ്റർ |
| | : | ശ്രീ. ജോസ് ഫിജോയ് വി.ജെ. ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.പി.തങ്കച്ചൻ | 01.04.2015മുതൽ 11..11.2015വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 12.11.2015 മുതൽ 12.11.2015 വരെ |
| | മേഴ്സി ജോസി | 13.11.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ഫിലോമിന ഇ.എ | 01.04.2015 മുതൽ 31.03.2016 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി. അജിത.ബി | 01.04.2015മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.അജിതാ അനീഷ് | 01.04.2015 മുതൽ 11.05.2015 FN വരെ |
| | ശാരദാ എൻ.ആർ | 11.05.2015 AN മുതൽ 09.06.2015 FN വരെ |
| | അശ്വതി വിദ്യാധരൻ | 09.06.2015AN മുതൽ 08.11.2015 വരെ |
| | ശ്രീമതി.അജിതാ അനീഷ് | 09.11.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. രശ്മി.എം.ബി | 01.04.2015മുതൽ 19.05.2015 FN വരെ |
| | ശ്രീമതി. ഷീബ എൻ.കെ | 19.05.2015 AN മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.സിന്ധു.കെ | 01.04.2015മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കുസുമം.പി.വി | 01.04.2015മുതൽ 31.01.2016വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ചാന്ദിനി | 01.02.2016 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ചെല്ലാനം | അനീഷ്.കെ.ആർ | 01.04.2015മുതൽ 15.09.2015 FN വരെ |
| | സുനിൽ രാജ് പി.വി | 15.09.2015 AN മുതൽ 16.12.2015 FN വരെ |
| | സബിത എ.കെ | 16.12.2015 AN മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കണ്ണമാലി | അനീഷ്.എം.എച്ച് | 01.04.2015മുതൽ 31.03.2016വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കണ്ടക്കടവ് | ശ്രീമതി.സവിത.സി.എം | 01.04.2015മുതൽ 31.03.2016വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാട്ടിപ്പറമ്പ് | ശ്രീമതി.രാജേശ്വരി.കെ.വി | 01.04.2015മുതൽ 31.03.2016വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ.ഹനീഫ.പി | 01.04.2015മുതൽ 28.09.2015 FN വരെ |
| | ശ്രീ.അരുൺ സൂരി | 28.09.2015AN മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി - കണ്ടക്കടവ് | ഡോ.ശ്രീകുമാരി.ബി.എസ് | 01.04.2015 മുതൽ 30.05.2015 വരെ |
| | ഡോ.പ്രേം ടി,എൻ | 01.06.2015 മുതൽ 09.11.2015 FN വരെ |
| | ഡോ.പമേല ടി.ആർ. | 09.11.2015 AN മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി - ചെല്ലാനം | ഡോ.മിനി ആന്റെണി | 01.04.2015മുതൽ 06.06.2015 FN വരെ |
| | ഡോ.സജിത്ത് ജോബ് | 06.06.2015 AN മുതൽ 09.07.2015 FN വരെ |
| | ഡോ.ഷൈന എസ്. | 09.07.2015 AN മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ.ഷൈനി.ബി | 01.04.2015 മുതൽ 18.07.2015 FN വരെ |
| | ഡോ.കെ.ടി.ശ്രീദേവി | 18.07.2015 AN മുതൽ 01.01.2016 FN വരെ |

| | | |
|---|---|---|
| | ഡോ.ബിന ജോർജ്ജ് | 01.01.2016 AN മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജോത്സ്യന സദാനന്ദൻ | 01.04.2015 മുതൽ 27.11.2015 FN വരെ |
| | ഡോ.ജിജി വർഗ്ഗീസ് (ഇൻ ചാർജ്ജ്) | 27.11.2015 AN മുതൽ 16.01.2016 FN വരെ |
| | ഡോ.അനശ്രീ പ്രകാശ് | 16.01.2016 AN മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1 - 1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1 - 2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1 - 3 | |
| 4 | സാമ്പത്തിക വിശകലനം | 1 - 4 | |
| 5 | ഫണ്ട് വിനിയോഗം | 1 - 5 | |
| 6 | പദ്ധതി അവലോകനം | 1 - 6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1 - 8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1 - 9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1 - 10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1 - 11 | |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-12 | |
| | ഭാഗം 2 | | |
| 13 | ലേലം - പലിശ ഈടാക്കിയതിൽ കുറവ് | 2-1 | |
| | ഭാഗം 3 | | |
| 14 | ഫിഷ് ലാന്റിംഗ് സെന്ററിൽ ടൈൽ വിരിക്കൽ - പ്രവൃത്തി നടത്തിപ്പിലെ അപാകത | 3-1 | |

| | | | |
|---|---|---|---|
| 15 | ആദായ നികുതി ഈടാക്കിയില്ല | 3-2 | |
| 16 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ | 3-3 | |
| 17 | റിവോൾവിംഗ് ഫണ്ട് കുടുംബശ്രീ നല്കിയത് പ്രോജക്ട് പ്രകാരം ചെലവഴിച്ചില്ല. | 3-4 | |
| 18 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 3-5 | |
| 19 | കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയശ്രീ പദ്ധതി -തുക നൽകിയതിലെ അപാകത. | 3-6 | |
| 20 | സർക്കാർ നിർദ്ദേശം ഉള്ളതിനേക്കാൾ കൂടുതൽ തുക നൽകി | 3-7 | |
| | ഭാഗം 4 | | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4 - 1 | |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4 - 2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് | 4 - 3 | |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4 - 4 | |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4 - 5 | |
| 26 | ഓഡിറ്റ് റിക്കവറി | 4 - 6 | |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4 - 7 | |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4 - 8 | |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4 - 9 | |
| 30 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം-1 | |
| 31 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം-2 | |
| 32 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം-3 | |
| 33 | റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം-4 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23.03.2015 തീയതിയിലെ ഒന്നാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 131428390 | 145864000 |
| വാർഷിക കണക്കുകൾ പ്രകാരം | 47913698 | 70339087 |
| വ്യത്യാസം | 83514692 | 75524913 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 20.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

ധനകാര്യപത്രിക പരിശോധിച്ചു. അപാകതകളില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 56079005.83 |
| വരവ് | 47913698.00 |
| ആകെ | 103992703.83 |
| ചെലവ് | 70339087.00 |
| നീക്കിയിരിപ്പ് | 33653616.83 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 8448648 | 14249412 | 22698060 | 22698060 | 0 | 100% |
| വികസന ഫണ്ട് എസ്.സി.പി. | 3443437 | 4601927 | 8045364 | 5129036 | 0 (ട്രാൻസ്ഫർ ക്രെഡിറ്റ്. 2916328/-) | 100% |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് ടി.എസ്.പി. | 36000 | 19000 | 55000 | 55000 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് റോഡ് | 310894 | - | 310894 | - | 0 | |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 4044196 | - | 4044196 | - | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7500441 | 11679833 | 19180274 | 12564190 | 0 (ട്രാൻസ്ഫർ ക്രെഡിറ്റ്. 6616084/-) | |
| പെർഫോമൻസ് ഗ്രാന്റ് | 4717000 | - | 4717000 | - | 0 (ട്രാൻസ്ഫർ ക്രെഡിറ്റ്. 4717000/-) | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 165 | 78938367 | 110 | 41761175 | 20 | 35 | 67% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് |
|---|---|
| 1 | വെബ്സൈറ്റ് വരിസംഖ്യ പഞ്ചായത്ത് വിഹിതം , ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം |
| 2 | ആയുർ വേദ ആശുപത്രിക്ക് അടിസ്ഥാന സൗകര്യ വർദ്ധനവ് |
| 3 | വാർഡ് - 14 , തറേപ്പറമ്പ് പാലത്തിന് കിഴക്ക് വശം , കോൺക്രീറ്റ് റോഡ് നിർമ്മാണം |
| 4 | ബധിര മൂക വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും |
| 5 | തൈപ്പാടത്ത് നടപ്പാത കോൺക്രീറ്റിംഗ് വാർഡ് 9 |
| 6 | വാർഡ് 12 കണ്ണത്തറ തോടിന് കുറുകെ കോൺക്രീറ്റ് പാലം |
| 7 | ബഡ്സ് സ്പെഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണം |
| 8 | അങ്കണവാടികൾക്കുള്ള മെയിന്റനൻസ് |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 16.74 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4065042 | 3326074 | 738968 | -18.17 |
| നികുതിയേതര വരവുകൾ | 8058337 | 11184065 | 3125728 | +38.79 |
| മറ്റുവരവുകൾ | 155323 | 239581 | 84258 | +54.25 |
| ആകെ | 12278702 | 14749720 | 2471018 | +20.12 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 309360 | 148 |
| കർഷകതൊഴിലാളി പെൻഷൻ | 1041600 | 205 |
| വിധവാപെൻഷൻ | 7416800 | 1142 |
| വാർദ്ധക്യകാലപെൻഷൻ | 15078600 | 3145 |
| വികലാംഗപെൻഷൻ | 1615400 | 325 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകളായ വനിതകൾക്കുള്ള പെൻഷൻ | 1096000 | 12 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹസഹായം | 720000 | 24 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.11.2016ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7601/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

2015-16 വർഷത്തിലെ വാർഷിക ഓഡിറ്റുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ രജിസ്റ്ററുകൾ കാലികമായി സൂക്ഷിക്കുന്നതായി ബോധ്യപ്പെട്ടു. നികുതി നികുതിയേതര വരവുകൾ സമയബന്ധിതമായി പിരിച്ചെടുക്കുകയും കുടിശ്ശിക നിൽക്കുന്ന തുക കുടിശ്ശിക രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വൗച്ചറുകൾ കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിച്ചിട്ടുണ്ട് എന്നാൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രത്യേക ഫയലാക്കി സൂക്ഷിക്കാതെ ചെലവ് തുക ചെലവു വരുന്ന മാസങ്ങളിലെ ചെലവു വൗച്ചറിന്റെ ഭാഗമായാണ് സൂക്ഷിച്ചു വരുന്നത്. തന്മൂലം സെക്രട്ടറി നടപ്പാക്കുന്ന പ്രോജക്ടുകളുടെ ചെലവുതുകയുടെ പരിശോധന ശ്രമകരമാകുന്നു. ടി നടപടി മേലിൽ ഒഴിവാക്കേണ്ടതും സെക്രട്ടറി നടപ്പാക്കുന്ന പ്രോജക്ടുകൾ പ്രത്യേക ഫയലാക്കി

സൂക്ഷിക്കേണ്ടതുമാണ്. പരിമിതമായ സൗകര്യങ്ങളിൽ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ പരമാവധി മെച്ചപ്പെടുത്തുവാൻ ശ്രമിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.03.2016 മുതൽ 08.03.2016 വരെ | ഫെബ്രുവരി 2016 | 01.04.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.07.2012 മുതൽ 30.07.2012 വരെ | 2007-08 മുതൽ 2011-12 വരെ | 01.10.2012 |

## 1-12 ഓഡിറ്റ് ഇംപാക്ട്

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്ന് സ്ഥാപനങ്ങളിൽ നിന്ന് ഡി & ഒ ഫീസിനത്തിൽ ഈടാക്കേണ്ട യന്ത്രത്തിന്റെ ഫീസ് ചട്ടപ്രകാരം ഈടാക്കിയില്ലായെന്ന് ഓഡിറ്റ് എൻക്വയറി 1 മുഖേന 05.11.2016 ന് അറിയിച്ചിരുന്നു. ഇത് പ്രകാരം ഈ സ്ഥാപനങ്ങളിൽ നിന്ന് കുറവ് വന്ന തുക ഈടാക്കി പഞ്ചായത്തിൽ അടച്ചതിന്റെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അടച്ച തുക | രസീത് നം/ തീയതി |
|---|---|---|---|
| 1 | Kay-kay എക്സ്പോർട്ട്സ് | 5788 | 2830 / 5.11.16 |
| 2 | ബാഫ്ന എന്റർപ്രൈസസ് | 625 | 2847 / 7.11.16 |
| 3 | ഇബ്രാഹിം നാച്ചുറൽ ഫുഡ് പ്രൈവറ്റ് ലിമിറ്റഡ് | 125 | 2848 / 7.11.16 |
| ആകെ | | 6538 | |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലേലം- പലിശ ഈടാക്കിയതിൽ കുറവ്

21.01.2015 ലെ എ2/723/15 നമ്പർ ലേല നോട്ടീസ് പ്രകാരം പഞ്ചായത്തിൽ 20.02.2015 ന് നടന്ന ലേലത്തിൽ ഇരട്ടത്തോട് - പുത്തൻതോട് മത്സ്യം പിടിക്കുന്നതിനുള്ള അവകാശം- (01.04.2015 മുതൽ 31.01.2016വരെ) ശ്രീ.ജോർജ്ജ് കല്ലുവീട്ടിൽ എന്നയാൾക്ക് 600000/- രൂപയ്ക്ക് നൽകിയിട്ടുണ്ട്. ലേലനോട്ടീസിലെ നിബന്ധനയനുസരിച്ച് ശ്രീ.ജോർജ്ജ് കല്ലുവീട്ടിൽ പഞ്ചായത്തുമായി ഉണ്ടാക്കിയ കരാർ പ്രകാരം ലേലം തൽക്കാലമായി സ്ഥിരപ്പെടുത്തുന്ന പക്ഷം , ലേലം പിടിച്ചയാൾ ലേലത്തുകയുടെ പകുതി സംഖ്യ (നിരത ദ്രവ്യം ഒഴികെ) ഒരു ആഴ്ചക്കുള്ളിൽ പഞ്ചായത്തിൽ അടക്കേണ്ടതും , ബാക്കി പകുതി മൂന്നു

ഗഡുക്കളായി 30.06.15 , 30.09.15, 31.12.15 എന്നീ തീയതികളിൽ അടക്കേണ്ടതും , ഗഡു സംഖ്യ മുടക്കിയാൽ ഓരോ ഗഡുവിന്റെയും അവസാന തീയതി കഴിഞ്ഞ് വരുന്ന അടുത്ത ദിവസം മുതൽ 18% പലിശ ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ലേലതുകയുടെ ആദ്യപകുതി 300000/- രൂപ 02.03.2015 ലെ 06511 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. എന്നാൽ തുടർന്ന് അടക്കേണ്ട 3 ഗഡുക്കൾ യഥാസമയം അടക്കാത്തിന് കരാർ പ്രകാരം ഈടാക്കാമായിരുന്ന 18% പലിശ ഈടാക്കിയിട്ടില്ല. വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഗഡു തുക | പലിശ ഇല്ലാതെ അടക്കേണ്ട തീയതി | അടച്ച തീയതി | അടച്ച തുക | ഈടാക്കേണ്ടിയിരുന്ന പലിശ, | ഈടാക്കിയ പലിശ , രസീത് നം, തീയതി | പലിശയിൽ കുറവ് |
|---|---|---|---|---|---|---|
| 100000 | 30.06.2015 | 31.03.2016 | 150000 | 13500 (100000x18%)x9 /12 | 0 | 13500 |
| 100000 | 30.09.2015 | 13.04.2016 | 75000 | 9000 (100000x18%)x6 /12 | 0 | 9000 |
| 100000 | 31.12.2015 | 27.06.2016 | 50000 + emd 25000 | 9000 (100000x18%)x6 /12 | 6750, 11601101280 , 27.6.16 | 2250 |
| | ആകെ | | | | | 24750 |

കരാർ പ്രകാരം ഈടാക്കാമായിരുന്ന ഈ പലിശ ശ്രീ.ജോർജ്ജ് കല്ലുവീട്ടിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫിഷ് ലാന്റിംഗ് സെന്ററിൽ ടൈൽ വിരിക്കൽ - പ്രവൃത്തി നടത്തിപ്പിലെ അപാകത

| | |
|---|---|
| പ്രോജക്ട് നം. | 80/16 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - | 350000/- |
| ബിൽ നം , തുക | 53/15-16/31.03.2016 , 337712/- |
| എം. ബുക്ക് നം. | 46/15-16, പേജ് നം. 1 മുതൽ 9 വരെ |
| കരാറുകാരൻ | പി. വി. വിക്ടർ, പെഡെനേറി വീട്, കണ്ടക്കടവ്. |

2015-16 വർഷം എ. ഇ. നിർവ്വഹണോദ്യോഗസ്ഥനായി 4 -ാം വാർഡിൽ നടപ്പാക്കിയ ഫിഷ് ലാന്റിംഗ് സെന്ററിൽ ടൈൽ വിരിക്കൽ എന്ന പ്രവൃത്തിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

ടി പ്രവൃത്തിയുടെ ടെണ്ടർ പ്രകാരം എസ്റ്റിമേറ്റ് നിരക്കിന്റെ 5.1% കുറവു തുകയാണ് അംഗീകരിച്ചിരുന്നത്. ആയതു പ്രകാരം ആകെ പ്രവൃത്തിമൂല്യമായ 337712/- രൂപയുടെ 5.1% കുറവു തുകയായ 320489/- രൂപയാണ് 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിക്കേണ്ടിയിരുന്നത്. എന്നാൽ ടെണ്ടർ കുറവു വരുത്താതെ ആകെ പ്രവൃത്തിമൂല്യമായ 337712/- രൂപ മേൽ നമ്പർ ബിൽ പ്രകാരം പിൻവലിക്കുകയും പിന്നീട് 14.06.2016 ലെ 697388 -ാം നമ്പർ രസീതു പ്രകാരം ടെണ്ടർ കുറവു തുകയായി 16191/- രൂപ പഞ്ചായത്തു ഫണ്ടിൽ ഒടുക്കുവരുത്തുകയും ചെയ്തു. ടെണ്ടർ കുറവിനത്തിൽ 17223/- രൂപ കുറയ്ക്കേണ്ടതിനു പകരം 16191/- രൂപ പഞ്ചായത്തു ഫണ്ടിൽ ഒടുക്കുവരുത്തിയതു മൂലം സർക്കാർ ഫണ്ടിനു 1032/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി നഷ്ടത്തുക നിർവ്വഹണോദ്യോഗസ്ഥനായ എ.ഇ. യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അധികമായി പിൻവലിച്ച തുക സ്രോതസ്സിൽ ഒടുക്കേണ്ടതിനു പകരം പഞ്ചായത്തു ഫണ്ടിൽ നിലനിർത്തിയിരിക്കുന്നത് ക്രമപ്രകാരമല്ല. ആയതിനാൽ ടെണ്ടർ കുറവു തുക 17223/- രൂപ അടിയന്തിരമായി സ്രോതസ്സിൽ ഒടുക്കേണ്ടതാണ്. ഇതു സംബന്ധമായി 08.11.2016 ൽ നൽകിയ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനു നഷ്ടത്തുക സ്രോതസ്സിൽ ഒടുക്കുന്നതിനു നടപടി സ്വീകരിക്കുന്നതാണെന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-2 ആദായ നികുതി ഈടാക്കിയില്ല

2015-16 സാമ്പത്തിക വർഷത്തിൽ ചെല്ലാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ പദ്ധതി പ്രകാരം യുണൈറ്റഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും വൈദ്യുതോപകരണങ്ങൾ വാങ്ങുകയും ആയവ പഞ്ചായത്തിലെ വൈദ്യുത പോസ്റ്റുകളിൽ സ്ഥാപിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതുമായി ബന്ധപ്പെട്ട് വാർഷിക മെയിന്റെനൻസ് കരാറിൽ ഏർപ്പെടുകയും ടി കമ്പനിക്ക് ഈയിനത്തിൽ 5,14,131/- രൂപ നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ഇൻകം ടാക്സ് വകുപ്പ് 194(c) പ്രകാരമുള്ള നിയമാനുസൃത ആദായനികുതി 2% ഈടാക്കിയിരുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം | S0174/16, So100/16, S014/16 |
| അടങ്കൽ | 381270,30880,128220 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

| ക്രമനം | ഇനം | നല്കിയ തുക | ബിൽനം, തീയതി | ഡിഡിനം/ തീയതി | നികുതി |
|---|---|---|---|---|---|
| 1 | ട്യൂബ് സെറ്റ് മെയിന്റനൻസ് | 249677 | 47/15-16, 31.03.16 | 011010/ 06.04.16 | 4994 |
| 2 | ട്യൂബ് സെറ്റ് മെയിന്റനൻസ് | 131593 | 49/15-16, 31.03.16 | 311007/ 06.04.16 | 2632 |
| 3 | സി.എഫ്.എൽ മെയിന്റനൻസ് | 79717 | 48/15-16, 31.03.16 | 311008/ 06.04.16 | 1594 |
| 4 | സി.എഫ്.എൽ മെയിന്റനൻസ് | 53144 | 53/15-16, 31.03.16 | 311009/ 06.04.16 | 1063 |
| ആകെ | | 514131 | | | 10283 |

മേൽ സ്ഥാപനത്തിൽ നിന്നും ആദായ നികുതി ഈടാക്കി ആദായനികുതി വകുപ്പിലേക്ക് ഒടുക്ക് വരുത്താതതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 10.11.2016 ൽ 15-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ, നിർവ്വഹണോദ്യോഗസ്ഥനിൽ

നിന്നോ നഷ്ടത്തുക ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്.

## 3-3 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ

2015-16 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വിവിധ എസ്.സി. കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ

പ്രോജക്ട് നം. - 87/16

വികസന ഫണ്ട് എസ്.സി. - 570000/-

ബിൽ നം. 5/15-16/31.01.2016 - 322955/-

ബിൽ നം.11/15-16/31.03.2016 - 207314/-

2. വിവിധ എസ്.സി. കോളനികളിൽ പൈപ്പ് ലൈൻ വലിക്കൽ

പ്രോജക്ട് നം. - 88/16

വികസന ഫണ്ട് എസ്.സി. - 800634/-

ബിൽ നം. 14/15-16/31.03.2016 - 800000/-

അപാകതകൾ

എ. 21.08.2003 40308/DP/03/ത സ്വ ഭ വ നമ്പർ സർക്കുലർ പ്രകാരം ഡെപ്പോസിറ്റ് തുക നൽകുമ്പോൾ നിലവിലുള്ള നിരക്കിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന സമ്മതിക്കുന്ന കരാർ തദ്ദേശ സ്വയംഭരണ സ്ഥാപനവും KSEB/KWA യും തമ്മിൽ വെയ്ക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി കരാർ വെച്ചതിനു രേഖയില്ല.

ബി. പ്രോജക്ടിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ഹാജരാക്കിയിട്ടില്ല.

മേൽ രേഖകൾ വാങ്ങി പരിശോധനയ്ക്കു ഹാജരാക്കേണ്ടതാണ്. ചെലവു തുക 13,30,269/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇതു സംബന്ധമായി 10.11.2016 ൽ നൽകിയ 13-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനു അപാകതയിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-4 റിവോൾവിംങ് ഫണ്ട് കുടുംബശ്രീ നല്കിയത് പ്രോജക്ട് പ്രകാരം ചെലവഴിച്ചില്ല.

പഞ്ചായത്തിലെ മികച്ച 10 കുടുംബശ്രീ യൂണിറ്റുകൾക്ക് 6.1.2016 ൽ നടന്ന പഞ്ചായത്ത് കമ്മറ്റിയുടെ 11(3) തീരുമാന പ്രകാരം 2015-16 വാർഷിക പദ്ധതിയിൽപ്പെടുത്തി റിവോൾവിംങ് ഫണ്ടിനത്തിൽ സാമ്പത്തിക സഹായം നല്കിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | S00 34/2016 |
| അടങ്കൽ | 100000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ, കാട്ടിപ്പറമ്പ് |

| ക്രമനം | കുടുംബശ്രീ യൂണിറ്റിന്റെ പേര് | നല്കിയ തുക | ഡിഡിനം / തീയതി | ബിൽ നം/ തീയതി | പ്രോജക്റ്റിന്റെ പേര് |
|---|---|---|---|---|---|
| 1 | അനുപമ | 10000 | 310438 / 14.3.16 | 10/1015-16 /29.2.16 | പലചരക്ക് |
| 2 | ഏദൻസ് | 10000 | 310439 / 14.3.16 | 10/1015-16 /29.2.16 | തയ്യൽ യൂണിറ്റ് |
| 3 | അർച്ചന | 10000 | 310440 / 14.3.16 | 10/1015-16 /29.2.16 | റെഡി മെയ്ഡ് തുണിത്തരം |
| 4 | നന്ദനം | 10000 | 310441 / 14.3.16 | 10/1015-16 /29.2.16 | പലചരക്ക് |
| 5 | പുണ്യം | 10000 | 310442 / 14.3.16 | 10/1015-16 /29.2.16 | പന്തൽ സെറ്റ് വാടകയ്ക്ക് |
| 6 | ആൽഫ | 10000 | 310443 / 14.3.16 | 10/1015-16 /29.2.16 | പലചരക്ക് |
| 7 | വൈഗ | 10000 | 310444 / 14.3.16 | 10/1015-16 /29.2.16 | അരിക്കച്ചവടം |
| 8 | പവിഴം | 10000 | 310445 / 14.3.16 | 10/1015-16 /29.2.16 | പൊടിക്കച്ചവടം |
| 9 | ജീവജ്യോതി | 10000 | 310446 / 14.3.16 | 10/1015-16 /29.2.16 | തുണിക്കച്ചവടം |
| 10 | ഏയ്ഞ്ചൽ | 10000 | 310447 / 14.3.16 | 10/1015-16 /29.2.16 | കച്ചവടം |

പ്രോജക്റ്റ് സംബന്ധമായ ഫയൽ പരിശോധിച്ചതിൽ മേൽ സൂചിത യൂണിറ്റുകളുടെ ബാങ്ക്ട്രാൻസാക്ഷൻ സംബന്ധിച്ച പാസ്സ് ബുക്ക്,കുടുംബശ്രീ യൂണിറ്റുകൾ ആരംഭിക്കുന്ന പ്രോജക്റ്റിൽ വിവരിക്കുന്ന വ്യവസായം സംബന്ധിച്ച വിശദമായ പ്രോജക്റ്റ് റിപ്പോർട്ട്, മേൽ കുടുംബശ്രീ യൂണിറ്റുകൾ തയ്യാറാക്കിയ പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ ആരംഭിക്കുന്ന വ്യവസായ സംരഭത്തിനു പഞ്ചായത്തിൽ നിന്നും ലഭിച്ച ലൈസൻസ് എന്നിവ ആവശ്യപ്പെട്ട് കൊണ്ട് 05.11.2016 ൽ 5ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിനു മറുപടി ലഭ്യമാക്കിയിട്ടില്ല. ജീവജ്യോതി എന്ന കുടുംബശ്രീ യൂണിറ്റിന്റെ മിനിറ്റ്സ് ബുക്കും ബാങ്ക് പാസ്സ് ബുക്കും ഓഡിറ്റിനായി ഹാജരാക്കിയെങ്കിലും അപേക്ഷയിൽ സുചിപ്പിച്ച പ്രോജക്റ്റായ തുണിക്കച്ചവടം സംബന്ധിച്ച പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുകയോ വ്യവസായ യൂണിറ്റ് ആരംഭിക്കുകയോ ചെയ്തതിനു രേഖയില്ല. പകരം ബാങ്ക് ലോണും റിവോൾവിംഗ് ഫണ്ടും അംഗങ്ങൾ പരസ്പരം വീതിച്ചെടുക്കുന്നതുമായ പരാമർശം മാത്രമാണ് ടി യൂണിറ്റിന്റെ മിനുട്സിലുള്ളത്. ടി കുടുംബശ്രീ യൂണിറ്റിന്റെ അംഗങ്ങളോട് നേരിൽ സംസാരിച്ചതിൽ നിന്നും യൂണിറ്റിന്റെ അംഗങ്ങൾക്ക് ടി തുക കൊണ്ട് 12മുതൽ 15 വരെ കോഴികളെ വാങ്ങി നൽകിയെന്നു ഓഡിറ്റിൽ അറിയിക്കുകയുണ്ടായി. റിവോൾവിംഗ് ഫണ്ടിന്റെ ഉദ്ദേശശുദ്ധിയെ തന്നെ തകിടം മറിക്കുന്ന ടി പ്രവർത്തനങ്ങളെ നിരുൽസാഹപ്പെടുത്തേണ്ടതാണ്. റിവോൾവിംഗ് ഫണ്ട് കൈപ്പറ്റിയ മുഴുവൻ കുടുംബശ്രീ യൂണിറ്റുകളുടേയും പ്രവർത്തനങ്ങൾ വിലയിരുത്തി അനർഹരിൽ നിന്നും തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ആയതിനാൽ റിവോൾവിംഗ് ഫണ്ടിനത്തിൽ ടി പ്രോജക്റ്റ് പ്രകാരം ചെലവഴിച്ച 100000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | S0003/2016-സാമൂഹ്യസുരക്ഷാമിഷൻ |

| | |
|---|---|
| | വിഹിതം |
| അടങ്കൽ,ഫണ്ട് | 500000/- വികസനഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ബില്ല് നം,<br>ഡി.ഡി.നം,തീയതി | 15/2015-16, 15.09.2015.<br>ഡി.ഡി.നം 865875, 07.10.2015 |

2015-16 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് പ്രകാരം സാമൂഹ്യ സുരക്ഷ മിഷൻ വിഹിതമായി വികസന ഫണ്ടിൽ വകയിരുത്തി 5 ലക്ഷം രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ,കേരള സോഷ്യൽ മിഷൻ , പൂജപ്പുര,തിരുവനന്തപുരം എന്ന പേരിൽ നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല . ഇത സംബന്ധിച്ച 10.11.2016 ൽ 10ാം നമ്പരായി ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും ആയതിന മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയശ്രീ പദ്ധതി -തുക നൽകിയതിലെ അപാകത.

| | |
|---|---|
| പ്രോജക്ട് നം | S0011/2016 |
| അടങ്കൽ,ഫണ്ട് | 65000/-വികസനഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം.ഡിഡി നം,തീയതി | 28/15-16,18.01.2016,<br>ഡിഡി നം, 417116,27.01.2016 |

20.03.2015 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സ.ഉ. (സാധാ) 813/15/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയശ്രീ പദ്ധതിയ്ക്കായി 2015-16 വർഷം വികസനഫണ്ടിൽ നിന്നു 65000/- രൂപ അനുവദിച്ചിട്ടുണ്ട്.ഇത സംബന്ധമായ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകളുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും അടങ്ങിയ ഡോക്യുമെന്ററി തയ്യാറാക്കുന്നതിനു വേണ്ടിയാണ് ടി തുക കുടുംബശ്രീ സ്റ്റേറ്റ് മിഷനു നൽകുവാൻ മേൽ നമ്പർ ഉത്തരവു പ്രകാരം നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഓഡിറ്റ് തീയതി വരേയും ഡോക്യുമെന്ററി തയ്യാറാക്കിയിട്ടില്ല. ഇത സംബന്ധമായി 09.11.2016 ൽ 10 ാം നമ്പരായി നല്കിയ ഓഡിറ്റ് അന്വേഷണത്തിനു പ്രോജക്ട് പൂർത്തികരിച്ചിട്ടില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡോക്യുമെന്ററി അടിയന്തിരമായി തയ്യാറാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്. ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക നൽകി.

12.03.2008 -ാം തീയതിയിലെ ജി.ഒ.(എം.എസ്) നം. 71/2008 / എൽ.എസ്.ജി.ഡി.ഉത്തരവ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വിഭാഗത്തിൽ അനുവദിച്ച തുകയുടെ 10% മാത്രമേ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളായ ആശുപത്രികളുടെ മരുന്ന് വാങ്ങലിന് ഉപയോഗിക്കാവൂ എന്ന നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശത്തിനു വിരുദ്ധമായി 1150000/- രൂപാ (മെഡിക്കൽ ഓഫീസർ, ഹോമിയോ - 200000/-, മെഡിക്കൽ ഓഫീസർ ആയുർവേദം 500000 /- , മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. 400000, വെറ്ററിനറി സർജ്ജൻ 50000/-) ഇതിനായി മെയിന്റനൻസ് (നോൺ റോഡ്) വിഭാഗത്തിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് 2015-16 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വിഭാഗത്തിൽ തുക ലഭിച്ചിട്ടില്ല. മുന്നിരിപ്പായ 310894/- മാത്രമാണുള്ളത്. മേൽ സൂചിത ഇനത്തിൽ ഉത്തരവ് പ്രകാരം അനുവദിക്കേണ്ടിയിരുന്ന തുക 31089/- മാത്രമായിരിക്കെ 1150000/- അനുവദിച്ചതിന് വിശദീകരണം

ആവശ്യപ്പെട്ട് കൊണ്ട് 05.11.2016 ൽ 3ാം നമ്പറായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് കൊടുത്തതിന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ഈ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കാത്തതിനാലാണ് വികസനഫണ്ട് നോൺ റോഡ് വിഭാഗത്തിൽ നിന്നും ഈ സ്ഥാപനങ്ങൾക്ക് കൂടുതൽ ഉണ്ട് അനുവദിക്കേണ്ടി വരുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയത്. ആയതിനാൽ മേൽ സ്ഥാപനങ്ങൾക്ക് ടിയിനത്തിൽ ഫണ്ട് വിനിയോഗിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2013-14 | 325000 | വാർഡ് 20 ലെ വിവിധ സ്ഥലങ്ങളിൽ കാനയും ഫുട്പാത്തും | 309612 | 15388 |
| ജില്ലാ പഞ്ചായത്ത് | 2013-14 | 550000 | മൂർത്തി പാലത്തിന് പടിഞ്ഞാറ് വശം കാനയും നടപ്പാതയും | 316003 | 233997 |
| ജില്ലാ പഞ്ചായത്ത് | 2013-14 | 250000 | വാച്ചാക്കൽ ഫുട്ട്പാത്ത് നിർമ്മാണം | 238677 | 11323 |
| ജില്ലാ പഞ്ചായത്ത് | 2013-14 | 1000000 | ചെറിയ കടവ് മനയിൽ റോഡ് | 0 | 1000000 |
| ജില്ലാ പഞ്ചായത്ത് | 2013-14 | 900000 | ബഡ്സ് സ്കൂൾ നിർമ്മാണം | 0 | 900000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി , ഇലക്ട്രിക്കൽ ഡിവിഷൻ , തൃശ്ശൂർ | പകൽ വീട് 102/16 | ഡി.ഡി 865806 തീയതി : 05.08.15 | 47000 | 44340 | 2660 രൂ. (ഈ തുക ഡി.ഡി നമ്പർ 117101 , തീ.22.12.15 തിരികെ |

| | | | | | |
|---|---|---|---|---|---|
| | | | | | ലഭിച്ചു) |
| കെ.എസ്.ഇ.ബി | വിവിധ എസ്.സി. കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ , 87/16 | ബിൽ നം. 5/15-16 /31.01.2016 - | 322955 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| | | ബിൽ നം.11/15-16 /31.03.2016 | 207314 | - | |
| കേരള വാട്ടർ അതോറിട്ടി | വിവിധ എസ്.സി. കോളനികളിൽ പൈപ്പ് ലൈൻ വലിക്കൽ 88/16 | ബിൽ നം. 14/15-16 /31.03.2016 | 800000 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4219830 |
| തൻവർഷം നിക്ഷേപിച്ച തുക | 500000 |
| ആകെ | 4719830 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4960790 |

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| FD 1 | 731239 |
| FD2 | 689938 |
| FD3 | 2461396 |
| FD4 | 544925 |
| FD5 | 533292 |
| ആകെ | 4960790 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 10 | 2003-04 | 3.7.11.2 | സഹകരണ സംഘം സെക്രട്ടറിയെ നിർവ്വഹണോദ്യോഗസ്ഥയാക്കിയത് | നടപ്പിലാക്കിയ പ്രോജക്ട് പൂർത്തിയാക്കിയതിനാൽ പരാമർശം ഒഴിവാക്കി കിട്ടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 2001-02 | 5 | 2003-04 | 3.7.11.1 | കംപ്യൂട്ടർ സെന്റർ നിർമ്മാണം | റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കി വരുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 47913698 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 70339087 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 24750 |
| ചെലവിനങ്ങളിലുള്ള നഷ്ടം | : | 1032 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1995261 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 24750 | | ശ്രീമതി.ഇ.എ.ഫിലോമിന, സെക്രട്ടറി |
| 3-1 | | 1032 | ശ്രീമതി.അജിത അനീഷ്, അസി. എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1330269 | ശ്രീമതി.ബി.അജിത, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 100000 | ശ്രീമതി.കെ.വി.രാജേശ്വരി, വി.ഇ.ഒ, കാട്ടിപ്പറമ്പ് |

| | | |
|---|---|---|
| 3-5 | 500000 | ശ്രീമതി.ഇ.എ.ഫിലോമിന . സെക്രട്ടറി |
| 3-6 | 65000 | ശ്രീമതി.ഇ.എ.ഫിലോമിന . സെക്രട്ടറി |
| ആകെ | 1995269 | |

(സി) കേന്ദ്ര സർക്കാരിനുള്ള നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| 3-2 | 10283 | ശ്രീമതി. ഇ.എ.ഫിലോമിന , സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഇ.എ.ഫിലോമിന സെക്രട്ടറി | സെക്രട്ടറി , ചെല്ലാനം ഗ്രാമപഞ്ചായത്ത് | കരിക്കാശ്ശേരി ഹൗസ് , ഞാറയ്ക്കൽ പി.ഒ.,വൈപ്പിൻ |
| ശ്രീമതി.അജിത അനീഷ്, അസി. എൻജിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചെല്ലാനം ഗ്രാമപഞ്ചായത്ത് | ഇത്തിപ്പറമ്പിൽ ഹൗസ്, പള്ളുരുത്തിനട, പള്ളുരുത്തി പി.ഒ. , കൊച്ചി -6 |
| കെ.വി. രാജേശ്വരി, വി.ഇ,ഒ. | വി.ഇ,ഒ., കാട്ടിപ്പറമ്പ്, ചെല്ലാനം ഗ്രാമപഞ്ചായത്ത് | രണ്ടുതെങ്ങുതറ ഹൗസ്, കുമ്പളങ്ങി സൗത്ത്. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ഇ.പി.1(922/02 /7.7.2005 |
| 1999-2000 | എൽ.എഫ്.ഇ.പി.1-921/02 /7.7.2005 |
| 2000-01 പദ്ധതി വിഹിതം | എൽ.എഫ്.ഇ.പി.1-163/03 /4.2.2004 |
| 2001-02 പദ്ധതി വിഹിതം | എൽ.എഫ്.ഇ.പി.1.1162/03 /4.2.2004 |

| | |
|---|---|
| 2002-03(ചെലവ്) | എൽ.എഫ്.ഇ.പി.2-296/06 /11.01.2007 |
| 2003-04 | എൽ.എഫ്.ഇ.പി.3-744/09 /16.06.2010 |
| 2004-05 | എൽ.എഫ്.ഇ.പി.3-745/09 /16.06.2010 |
| 2005-06 | എൽ.എഫ്.ഇ.പി.3-746/09 /16.06.2010 |
| 2007-08 | എൽ.എഫ്.ഇ.പി.3-746/09 /16.05.2010 |
| 2008-09 | എൽ.എഫ്.ഇ.പി.3-200/10 /12.7.2011 |
| 2009-10 | എൽ.എഫ്.ഇ.പി.1-321 /12 /26.3.12 /3.5.12 |
| 2010-11 | എൽ.എഫ്.ഇ.പി.1-322/12 /2.4.12 /7.5.12 |
| 2011-12 | എൽ.എഫ്.ഇ.പി.1-2280/13 /21.1.2014 |
| 2012-13 | എൽ.എഫ്.ഇ.(പി.3)403/15 / 06.04.2015 |
| 2013-14 & 2014-15 | നം.കെ.എസ്.എ-ഇ.കെ.എം (പി3)960/2016 / 22.06.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇകെഎം(പി.3)1975/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :07.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

## AUDIT CERTIFICATE

No.K.S.A.-EKM(P3)1975/16

Kerala State Audit Department
District Audit Office, Ernakulam,
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 07.12.2016

Certified that I have audited the Annual Financial Statement of Chellanam Grama panchayat in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and

Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chellanam Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)